അർഹരായവരിൽ നിന്ന് സീനിയോറിറ്റിയടിസ്ഥാനത്തിൽത്തന്നെ നിയമനം നടത്തുവാനും ആദ്യം നടത്തുന്ന നിയമനങ്ങൾ എച്ച്.എസ്.എസ്.റ്റി. തസ്തികകളിലേക്ക് നടത്തണമെന്നും അതിന് ശേഷം മാത്രമേ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) തസ്തികകളിലേയ്ക്ക് നിയമനം നടത്താവൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും നടത്തിയ നിയമനങ്ങൾ 30-6-2003-ന് മുൻപ് പുനഃപരിശോധിക്കുവാനും അർഹരായവർക്ക് നിയമനം നൽകുവാനും കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) കോടതി വിധിയുടെ അടിസ്ഥാനത്തിൽ 12-5-2003-ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചു കഴിഞ്ഞു. നിയമനങ്ങൾ നടത്തുവാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

അൺ-എയ്ഡഡ് മേഖലയിൽ ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ അനുവദിക്കൽ

128 (1438) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അൺ-എയ്ഡഡ് മേഖലയിൽ ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ അനുവദിക്കാൻ സംസ്ഥാനത്തെ ഏതെല്ലാം യൂണിവേഴ്സിറ്റികൾ ശുപാർശകൾ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കണ്ണൂർ യൂണിവേഴ്സിറ്റി ശുപാർശ ചെയ്ത കോളേജുകൾ ഏതെല്ലാമാണ് ;

(സി) പ്രസ്തുത ശുപാർശകളിൽ ഗവൺമെന്റ് തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള, മഹാത്മാഗാന്ധി, കോഴിക്കോട്, കണ്ണൂർ സർവ്വകലാശാലകൾ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

(ബി) വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ശുപാർശകളിൻമേൽ തീരുമാനമായിട്ടില്ല.

കോളേജുകളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും പുനർവിന്യാസ നടപടികൾ

129 (1439) ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ കോളേജുകളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും പുനർവിന്യാസ നടപടികൾ എത്രത്തോളമായിട്ടുണ്ട് ; ഇനിയും പുനർവിന്യസിക്കപ്പെടേണ്ട അദ്ധ്യാപകർ എത്ര ; അനദ്ധ്യാപകർ എത്ര ;

(ബി) ഒരു മാനേജ്മെന്റിന്റെ കീഴിൽ അധികമുള്ള അദ്ധ്യാപകരെ മറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള കോളേജുകളിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് ഉദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ അതിനാവശ്യമായ നിയമനിർമ്മാണം നടത്തുമോ ;

(സി) സ്വകാര്യ കോളേജുകളിൽ പുനർവിന്യസിക്കപ്പെടേണ്ട അദ്ധ്യാപകരെത്ര ; അനദ്ധ്യാപകരെത്ര ;

(ഡി) കോളേജുകളിലെ അനദ്ധ്യാപക നിയമനത്തിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ ; നിരോധനം ഈ വർഷം മുതൽ പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) സർക്കാർ കോളേജുകളിൽ (മ്യൂസിക് കോളേജുകൾ ഒഴികെ) അധികമായി വന്ന മുഴുവൻ അദ്ധ്യാപകരെയും പിന്നീടുണ്ടായ ഒഴിവുകളിൽ ക്രമീകരിച്ചിട്ടുണ്ട്. സ്വകാര്യ കോളേജുകളിൽ അധികമായ അദ്ധ്യാപകരിൽ 104 പേരെ വർക്ക് അറേയ്ഞ്ച്മെന്റ് വ്യവസ്ഥയിൽ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഹയർ സെക്കണ്ടറി അദ്ധ്യാപകരായി നിയമിച്ചിട്ടുണ്ട്. ബാക്കിയുള്ളവരെ റിട്ടയർമെന്റ് ഒഴിവുകളിൽ ക്രമീകരിച്ചുവരുന്നു. 156 ജൂനിയർ ലക്ചറർമാരെ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലേക്ക് പുനർവിന്യസിച്ച് ഉത്തരവാകുകയും തുടർനടപടികൾ നടന്നുവരുകയുമാണ്. ഇനിയും പുനർവിന്യസിക്കപ്പെടേണ്ട അദ്ധ്യാപകരുടെ കൃത്യമായ കണക്ക് ശേഖരിച്ചുവരുന്നു.

സർക്കാർ കോളേജുകളിലെ അനദ്ധ്യാപകരുടെ 418 തസ്തികകൾ അധികമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അതിൽ 402 തസ്തികകൾ നിർത്തലാക്കിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ബാക്കിയുള്ള 16 തസ്തികകൾ റിട്ടയർ ചെയ്യുന്ന /പുനർവിന്യസിക്കപ്പെടുന്ന മുറയ്ക്ക് ഇല്ലാതാവുന്നതാണ്. സ്വകാര്യ കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ പുനർവിന്യാസം ഇതുവരെയും നടത്തിയിട്ടില്ല. പ്രീഡിഗ്രി വിടുതൽ ചെയ്തതിനുശേഷം സ്വകാര്യ കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ ജോലിഭാരം പഠിച്ച്, ആവശ്യമാണെങ്കിൽ പുനർവിന്യാസം നടത്താനായി ജി. ഒ. (എം.എസ്) 158/011 ഉവിവ. തീയതി : 26-11-2001 പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ കൺവീനറായി ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നു. ഈ കമ്മിറ്റിയുടെ റിപ്പോർട്ട സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ഇത് സംബന്ധിച്ച് ബന്ധപ്പെട്ട സംഘടനാപ്രതിനിധികളുമായി

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയ ചർച്ചയെ തുടർന്ന് ജി. ഒ. (എം.എസ്) 126/02 ഉവിവ. തീയതി : 19-9-2002 പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ കൺവീനറായി മറ്റൊരു കമ്മിറ്റിയെ നിയമിച്ചു. ഈ രണ്ട് കമ്മിറ്റികളും സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഒരു മാനേജ്മെന്റിന്റെ കീഴിൽ അധികമുള്ള അദ്ധ്യാപകരെ മറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള കോളേജുകളിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് താൽക്കാലികാടിസ്ഥാനത്തിൽ 'വർക്ക് അറേജ്മെന്റ്' വ്യവസ്ഥയിൽ മാനേജ്മെന്റുകളുടെ സമ്മതത്തോടെ നിയമിക്കുന്നത് സംബന്ധിച്ച് ഒരു നിർദ്ദേശം പരിഗണനയിലാണ്.

(സി) കൃത്യമായ കണക്ക് ശേഖരിക്കുന്ന നടപടി പൂർത്തിയായിട്ടില്ല.

(ഡി) ഉണ്ട്. അനദ്ധ്യാപകരുടെ ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കുന്ന നടപടി ഇപ്പോൾ നടന്ന് വരികയാണ്. ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ച ശേഷമേ നിരോധനം പിൻവലിക്കാൻ കഴിയൂ.

കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപ്പെടുത്തിയതിനുശേഷം അധികമായ അദ്ധ്യാപകരുടെ പുനർവിന്യാസം

130 (1440) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപ്പെടുത്തിയതിനുശേഷം എത്ര അദ്ധ്യാപകർ അധികമായി വന്നു ;

(ബി) ഇവരിൽ എത്രപേർക്ക് പുനർനിയമനം നൽകി ; എത്രപേരെ ഇനിയും നിയമിക്കുവാനുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപ്പെടുത്തിയതിനുശേഷം സർക്കാർ കോളേജുകളിൽ 176 അദ്ധ്യാപകരും സ്വകാര്യ കോളേജുകളിൽ 1879 അദ്ധ്യാപകരും അധികമുണ്ടെന്ന് കണ്ടെത്തിയിരുന്നു.

(ബി) സർക്കാർ കോളേജുകളിൽ അധികമായി വന്ന 176 അദ്ധ്യാപകരെ പിന്നീടുണ്ടായ ഒഴിവുകളിൽ ക്രമീകരിച്ചിട്ടുണ്ട്. സ്വകാര്യ കോളേജിലെ അധികമായി വന്ന അദ്ധ്യാപകരിൽ 104 പേരെ വർക്ക് അറേജ്മെന്റ് വ്യവസ്ഥയിൽ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപകരായും ബാക്കിയുള്ളവരെ പിന്നീടുണ്ടാകുന്ന റിട്ടയർമെന്റ് ഒഴിവുകളിലും ക്രമീകരിച്ചു വരുന്നു. ജൂനിയർ ലക്ചർമാരിൽ (പ്രീ-ഡിഗ്രി) അധികമുണ്ടായിരുന്നവരെ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലേയ്ക്ക് പുനർവിന്യസിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇനിയും പുനർവിന്യസിക്കപ്പെടേണ്ട സ്വകാര്യ കോളേജ് അദ്ധ്യാപകരുടെ കൃത്യമായ കണക്ക് ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly